# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 21 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

### പാപനാശത്തിന് ഉരക്കുഴി സ്നാനം

പമ്പാതീർത്ഥത്തിൽ മുങ്ങിനിവർന്ന് വിഘ്ന വിനാശകനായ പമ്പാഗണപതിയെ വണങ്ങി നീലിമലയും ശബരി പീഠവും താണ്ടി ശബരീശ സന്നിധിയിലെത്തുന്ന ഭക്തരുടെ പ്രിയപ്പെട്ട സനാന തീർത്ഥമാണ് ഉരക്കുഴി. പേര് സൂചിപ്പിക്കുന്നതുപോലെ, ഉരലോളം മാത്രമുള്ള ഒരു പാറക്കുഴിയാണിത്. സന്നിധാനത്തിനു തൊട്ടടുത്ത് പാണ്ടിത്തവളത്തുനിന്ന് ഇടത്തോട്ടുള്ള ഒറ്റയടിപ്പാത അവസാനിക്കുന്നത് സഹ്യശൈലത്തിന്റെ കുളിർമ മുഴുവൻ ആവഹിച്ചുവച്ചിരിക്കുന്ന ഉരക്കുഴി തീർത്ഥത്തിലാണ്.

ആനയും കടുവയും പോലുള്ള വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമാണ് ഈ പ്രദേശമെങ്കിലും ആ ഭയമൊന്നും വകവയ്ക്കാതെ ദിവസേന ഉരക്കുഴിയിൽ മുങ്ങിനിവർന്ന് പാപമോചനം തേടാനെത്തുന്ന ഭക്തജനങ്ങളുടെ എണ്ണം ആയിരക്കണക്കിനാണ്. മണിക്കൂറിൽ 50 പേരെങ്കിലും ഉരക്കുഴിയിൽ സ്നാനം ചെയ്തുപോകുന്നുവെന്നാണ് കണക്ക്.

കുമ്പളം നദിയുടെ ഉദ്ഭവസ്ഥാനമാണ് ഉരക്കുഴിയിലേക്കുള്ള അരുവി. നൂറു മീറ്ററോളം ഉയരത്തിൽ നിന്നുള്ള ചെറിയ ജലപാതം ഭക്തരുടെ ശരീരം മാത്രമല്ല, മനസ്സും തണുപ്പിക്കും. എത്ര തടിച്ച ശരീരപ്രകൃതർക്കും മെലിഞ്ഞവർക്കും സുഖമായി ഇരുന്ന് മുങ്ങിനിവരാവുന്നത്ര വലുപ്പമുണ്ട് പ്രകൃതിയു

ടെ അദ്ഭുതവരദാനത്തിന്. ഒരാളിരുന്ന് മുങ്ങി നിവരുമ്പോഴേക്കും കുഴിയിലുള്ള ജലം മുഴുവൻ കവിഞ്ഞൊഴുകിപ്പോകുകയും അടുത്തയാൾക്ക് അരുവി കുഴിയിലേക്ക് ജലം പകർന്നു നൽകുകയും ചെയ്യുമെന്നത് പ്രകൃതിയെ പ്രണയിക്കുന്നവരുടെ ഹൃദയം കവരുന്ന സത്യകാഴ്ചയാണ്.

ശബരിമല ഐതിഹ്യവുമായി ഏറെ അടുപ്പമുണ്ട് ഈ പുണ്യസ്നാനഘട്ടത്തിന്. മഹിഷീമർദ്ദനം കഴിഞ്ഞ് ശബരിമലയിലേക്ക് തിരിച്ച മണികണ്ഠസ്വാമി ഉരക്കുഴിയിൽ കുളിച്ച് ദേഹശുദ്ധിവരുത്തി എന്നതാണ് ആ ഐതിഹ്യം. ഉൾക്കാട്ടിൽ വളരുന്ന അനേകം ഔഷധസസ്യങ്ങളുടെ വേരുകൾക്കിടയിലൂടെ ഒഴുകിയെത്തുന്ന ഈ ജലധാരയിൽ നനയുന്നത് ശരീരസൗഖ്യത്തിനും നല്ലതാണെന്ന് ഭക്തജനങ്ങൾ വിശ്വസിക്കുന്നു.

(പി.ആർ. ശബരി-204)

## കണ്ണിമ പൂട്ടാത്ത ജാഗ്രത: സുരക്ഷയൊരുക്കി 250 ഓളം ആർ.എ.എഫ് അംഗങ്ങൾ

നീല നിറമണിഞ്ഞ യൂണിഫോമും ധരിച്ച് തിരുമുറ്റത്തും പരിസരത്തും ആയുധങ്ങളുമായി നിലയുറപ്പിച്ചിരിക്കുന്ന സേനയെ കണ്ടാൽ ആദ്യം ആരുമൊന്ന് ഭയക്കും. സുരക്ഷയൊരുക്കുന്നതൊടൊപ്പം കരുതലിന്റെ കരങ്ങളുമായി അയ്യപ്പഭക്തരെ സഹായിക്കുന്നത് കാണുമ്പോൾ പിന്നെ കൗതുകവും. ഇത് പുണ്യദർശനം തേടിയെത്തുന്ന അയ്യപ്പഭക്തർക്ക് സുരക്ഷയൊരുക്കാൻ നിതാന്ത ജാഗ്രതയിൽ നിൽക്കുന്ന റാപ്പിഡ് ആക്ഷൻ ഫോഴ്സ്. 250 ഓളം പേരാണ് ശബരിമലയിലും പമ്പയിലും ഏതൊരു അടിയന്തര സാഹചര്യവും നേരിടാൻ ചങ്കുറപ്പിച്ച് നിൽക്കുന്നത്. കേന്ദ്ര സേനയായ സി.ആർ.പി.എഫിന്റെ കോയമ്പത്തൂർ ബേസ് ക്യാമ്പിൽ നിന്നാണ് സുരക്ഷാപ്രവർത്തനത്തിനായി ഇവരെത്തിയിരിക്കുന്നത്. ഇവരെ നയിക്കുന്നത് പാലക്കാട് സ്വദേശിയും മലയാളിയുമായ ഡെപ്യൂട്ടി കമാൻഡർ ജി. ദിനേഷാണ്. ജി ദിനേഷിന് തന്നെയാണ് സന്നിധാനത്തെയും പമ്പയിലേയും സുരക്ഷാ ചുമതല. ഇദ്ദേഹത്തിന്റെ കീഴിൽ മൂന്ന് ഷിഫ്റ്റുകളിലായി ഇരുപത്തിനാല് മണിക്കൂറും നിതാന്ത ജാഗ്രതയിലാണ് സേന. നാൽപത് പേരാണ് ഒരേ സമയം ഡ്യൂട്ടിയിലേർപ്പെടുന്നത്. സോപാനം, തിരുമുറ്റം, പാണ്ടിത്താവളം, മരക്കൂട്ടം, വടക്കെനട എന്നിവിടങ്ങളിലാണ് ഇവരെ പ്രധാനമായും വിന്യസിച്ചിരിക്കുന്നത്. വി.ഐ.പി വഴികളിലും സുരക്ഷ ശക്തമാണ്. ഇരുട്ടിൽ കൃത്യമായി ആളുകളെ തിരിച്ചറിയാനുള്ള നൈറ്റ് വിഷൻ സംവിധാനങ്ങളോടെയാണ് കാനന പാതകളിൽ നിരീക്ഷണം. മനശാസ്ത്രപരമായ സമീപനമാണ് സുരക്ഷാ നിരീക്ഷണത്തിന് സേന ഉപയോഗിക്കുന്നതെന്ന് ഡെപ്യൂട്ടി കമാൻഡർ പറയുന്നു. പതിനെട്ടാം പടിക്ക് സമീപത്തായി വളരെ ഉയരത്തിൽ തയ്യാറാക്കിയ ടവറുകളിൽ നിന്നും തിരുമുറ്റതെ ഓരോ ചലനങ്ങളും വീക്ഷിച്ച് നിൽകുന്നതും ആർ.എ.എഫ് ഭടൻമാരാണ്. ഇതോടൊപ്പം ആറോളം ഇന്റലിജൻസ് ഉദ്യോഗസ്ഥരും സന്നിധാനത്തും പരിസരത്തുമായി കണ്ണും കാതും തുറന്നിരിപ്പുണ്ട്. സുരക്ഷാ ചുമതലയുള്ള സംസ്ഥാന പോലീസ്

ഉദ്യോഗസ്ഥരുമായി നിരന്തരം കോർഡിനേഷൻ നടത്തിയാണ് സുരക്ഷാ ചുമതലകൾ നിർവ്വഹിക്കുന്നത്. ഡെപ്യൂട്ടി കമാൻഡർ ജി. ദിനേഷിന്റെ നേതൃത്വത്തിൽ ആർ.എ.എഫ് ഭടൻമാർ കഴിഞ്ഞ വർഷം പ്രളയത്തിൽ പാലക്കാട് ജില്ലയിൽ നടത്തിയ അതീവ ദുഷ്ക്കരമായ രക്ഷാപ്രവർത്തനങ്ങൾ ഏറെ ശ്രദ്ധ നേടിയിരുന്നു. രക്ഷാപ്രവർത്തനത്തിലെ മികവിന് സി.ആർ.പി.എഫ് ഡയറക്ടർ ജനറൽ പ്രത്യേക മെഡൽ നൽകിയാണ് ഇവരെ ആദരിച്ചിരുന്നത്. സി.ആർ.പി.എഫ് ഭടൻമാരിൽ നിന്നും പ്രത്യേകം തെരഞ്ഞെടുത്തവരാണ് റാപ്പിഡ് ആക്ഷൻ ഫോഴ്സിൽ പ്രവർത്തിക്കുന്നത്.

(പി.ആർ. ശബരി-205)

**ചിത്രം**

ആർ.എ.എഫ് ഡെപ്യൂട്ടി കമാൻഡർ ജി. ദിനേഷ് ഡി.ഐ.ജി സജ്ജയ് കുമാർ ഗരുഡുമായി സുരക്ഷാ വിഷയങ്ങൾ സംസാരിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 21 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

## ആയിരങ്ങളെ സാക്ഷിയാക്കി ശബരിശ സന്നിധിയിൽ കർപ്പൂരാഴി നടന്നു

ഭക്തിസാന്ദ്രമായ സന്ധ്യയിൽ ആയിരങ്ങളെ സാക്ഷിയാക്കി ശബരിശ സന്നിധിയിൽ കർപ്പൂരാഴി നടന്നു.ശനിയാഴ്ച്ച വൈകീട്ട് ദീപാരാധനയ്ക്ക് ശേഷമാണ് തന്ത്രി കണ്ഠരര് മഹേഷ് മോഹനര്, മേൽശാന്തി അരീക്കര മന എ.കെ സുധീർ നമ്പൂതിരി എന്നിവർ ചേർന്ന് തിരുമുറ്റത്തെ കൊടിമര ചുവട്ടിൽ പ്രത്യേകം തയ്യാറാക്കിയ ഓട്ടുരളിയിൽ കർപ്പൂരദീപം തെളിച്ചത്.തുടർന്ന് നടന്ന നാദവർണ്ണ വിസ്മയതീർത്ത കർപ്പൂരാഴി ഘോഷയാത്രയിൽ പുലിവാഹനനായ അയ്യപ്പസ്വാമിക്ക് പുറമേ അയ്യപ്പചരിതം വിളിച്ചോതുന്ന കഥകളിലെ പുണ്യകഥാപാത്രങ്ങളായ ശിവൻ,പാർവ്വതി,വിഷ്ണു,ബ്രഹ്മാവ്,വാവര് സ്വാമി,ഗണപതി,മുരുകൻ തുടങ്ങിയവരുടെവേഷവിതാനങ്ങൾ അണിനിരന്നു. ശബരിമലയിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലായിരുന്നു കർപ്പൂരാഴി. വാദ്യമേളങ്ങളും കാവടിയാട്ടവും മയൂര നൃത്തവും കൊഴുപ്പേകിയ കർപ്പൂരാഴി ഘോഷയാത്ര അക്ഷരാർത്ഥത്തിൽ സന്നിധാനത്തെയും പരിസരത്തേയും ഉത്സവലഹരിയിൽ ആറാടിച്ചു.തിരുവനന്തപുരം മണ്ണന്തല ഷാജി സുധാകര

പണിക്കരും സംഘവും നയിച്ച സ്പെഷ്യൽ ചെണ്ടമേളയിൽ പഞ്ചാരി,തായമ്പക എന്നിവയ്ക്ക് പുറമേ കളിമേളങ്ങളും തീർത്തു. പരവൂർ വടക്കുംനാഥ കാവടിസംഘം അവതരിപ്പിച്ച കാവടിയാട്ടവും ശ്രദ്ധേയമായി.സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ആദിത്യയുടെ നേതൃത്വത്തിലുള്ള പോലീസ് ഉദ്യോഗസ്ഥരും ഭക്തരുമടങ്ങിയ സംഘത്തിനും ഏറെ നിർവൃതി പകർന്ന ഘോഷയാത്ര ഫ്ളൈഓവർ വഴി മാളികപ്പുറം ചുറ്റി വടക്കെ നടയിലൂടെ പതിനെട്ടാം പടിക്ക് താഴെ എത്തി സമാപിക്കുകയായിരുന്നു.സന്നിധാനത്ത് സേവനത്തിനുള്ള ദേവസം ജീവനക്കാരും ഭക്തിസാന്ദ്രമായ കർപ്പൂരായി ചടങ്ങുകളിൽ പങ്കാളികളായി.

(പി.ആർ. ശബരി-206)

## ശബരിമല നാളത്തെ( 22.12.19 )ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
(3.20 മുതൽ 7 മണിവരെ
8 മണി മുതൽ 11.15 വരെയും)
3.30 ന് ഗണപതിഹോമം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടര് 1 മണിക്ക് നട അടയ്ക്കും.
4 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.